


# എൻമകജെ




• അഷ്കർ കബീർ

'ഉയിരേ ഉയിരേ വന്ത് എന്നോട് കലന്ത് വിട്....' എ .ആർ. റഹ്മാന്റെ സംഗീതത്തിൽ ഹരിഹരനും ചിത്രയും ഭാവതീവ്രമായി ആലപിച്ച് അരവിന്ദ് സ്വാമിയും മനീഷ കൊയ്‌രാളയും അഭിനയിച്ച മണിരത്നത്തിന്റെ 'ബോംബെ'യിലെ ഗാനരംഗം ചാനലുകളിൽ ഇടക്കിടെ വന്നു പോകാറില്ലേ...

ഒരു പടുകൂറ്റൻ കോട്ടയുടെ പശ്ചാത്തലത്തിലായിരുന്നല്ലോ അതിലെ രംഗങ്ങളോരോന്നും. കേരളത്തിന്റെ സ്വന്തം ബേക്കൽ കോട്ടയായിരുന്നു അത്. 35 ഏക്കറിലാണ് വിജയനഗര സാമ്രാജ്യ കാലഘട്ടത്തിൽ നിർമ്മിച്ചതെന്ന് കരുതപ്പെടുന്ന ബേക്കൽ വ്യാപിച്ചു കിടക്കുന്നത്. നാമിപ്പോൾ ബേക്കലിൽ നിന്ന് 16 കിലോമീറ്റർ പിന്നിട്ട് കാസർഗോഡെത്തിക്കഴിഞ്ഞു. അതായത് നമ്മുടെ കേരളത്തിന്റെ വടക്കേയറ്റത്ത്. മലയാളം, കന്നഡ, തമിഴ്, തുളു, ബ്യാരി, ഉർദു, ഹിന്ദി, മറാത്തി കൊങ്കിണി, കൊറവ തുടങ്ങി എത്രയെത്ര ഭാഷകളാണെന്നോ ഈ മണ്ണിൽ പടർന്ന് കിടക്കുന്നത്.

എൻമകജെ എന്ന ഗ്രാമത്തിലേക്കാണ് നമ്മുടെ യാത്ര. അവിടേക്കിനി 35 കിലോമീറ്റർ ദൂരമുണ്ട്. യാത്ര തുടരുകയാണ്. സാധാരണ ഗ്രാമങ്ങളെപ്പോലെ മനം മയക്കുന്ന ദൃശ്യങ്ങളും ആഹ്ലാദിപ്പിക്കുന്ന കാഴ്ചകളും എൻമകജെയിൽ കാണാനാകില്ല കേട്ടോ. നമ്മെപ്പോലുള്ള അനേകം കുട്ടികളെയും മുതിർന്നവരെയും അവരുടെ മാതാപിതാക്കളെയും കാണാനും അവരുടെ ജീവിതം അടുത്തറിയാനുമാണ് ഈ യാത്ര. മാത്രമല്ല കരളലിയിക്കുന്ന, കണ്ണീരണിയിക്കുന്ന കാഴ്ചകളാണ് അവിടെയധികവും.

കാസർഗോഡൻ ഗ്രാമങ്ങളൊക്കെ പിന്നിട്ട് ഒടുവിൽ എൻമകജെയെത്തിക്കഴിഞ്ഞു. ആ കാണുന്ന കശുവണ്ടി തോട്ടങ്ങളില്ലേ... ഒരേസമയം ഈ നാടിന്റെ സൗന്ദര്യവും ശാപവുമായി മാറിയ തോ

▸▸ വന്ദേമാതരം രചിച്ചത് ഏത് ഭാഷയിൽ – സംസ്കൃതം

ട്ടങ്ങളാണവ. മാത്രമല്ല, എൻമകജെയെ ലോകപ്രശസ്തമാക്കിയതും ഇതേ കശുവണ്ടിത്തോട്ടങ്ങളാണ് താനും.

പോർച്ചുഗീസുകാർക്കൊപ്പമെത്തിയ ഈ കശുവണ്ടിത്തോട്ടങ്ങളാണ് മലയാളികളുൾപ്പെടെയുള്ള കന്നഡികരെയും തുളുവരെയും കൊങ്കിണികളെയും ഹിന്ദിക്കാരെയും തമിഴരെയുമൊക്കെ അനേക വർഷങ്ങളായി അന്നമൂട്ടിക്കൊണ്ടിരിക്കുന്നത്. എന്നാൽ കഴിഞ്ഞ വർഷങ്ങളായി ഒരു തലമുറയെത്തന്നെയായിരുന്നു ഇവ കൊന്നൊടുക്കിയതും ജീവച്ഛവമാക്കിയതും.

അക്കാണുന്ന സ്കൂൾ കണ്ടില്ലേ...? അതാണ് ബഡ്സ് സ്കൂൾ. ആ കുട്ടികളെ നോക്കൂ...? വളർച്ച മുരടിച്ചും, അലമുറയിട്ടും, ഞെരങ്ങിയും. ജീവിതം തള്ളിനീക്കുന്നവരാണവർ. ഈ ഗ്രാമമുൾപ്പെടെ 11 ഗ്രാമങ്ങളിലെ മനുഷ്യരെയാണ് കൊടും വിഷമായ എൻഡോസൾഫാനെന്ന കീടനാശിനി ജീവച്ഛവങ്ങളാക്കി മാറ്റിയത്.

1945 മുതലാണ് പ്ലാന്റേഷൻ കോർപ്പറേഷൻ ഇവിടത്തെ കശുവണ്ടിത്തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ച് തുടങ്ങിയത്. ഈ പ്രദേശത്തെ തേനീച്ചകളാണ് ആദ്യം അപ്രത്യക്ഷമായത്. പിന്നീട് പല ജീവജാലങ്ങളും മറഞ്ഞു തുടങ്ങി. ഡോ. വൈ. എസ് മോഹൻകുമാറായിരുന്നു ആദ്യമായി ഇത് ശ്രദ്ധിച്ചു തുടങ്ങിയത്. തുടർന്ന് ജനിക്കുന്ന കുഞ്ഞുങ്ങൾക്കൊക്കെ ജനിതക വൈകല്യങ്ങളും ഹോർമോൺ തകരാറുകളും ബാധിച്ചു തുടങ്ങി. സമീപ പ്രദേശങ്ങളിലും രോഗത്തിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ശരീരത്തെക്കാൾ രണ്ടിരട്ടി തല വലുപ്പമുണ്ടായിരുന്ന സൈനബ, തൊലിയൊക്കെ ചുക്കിച്ചുളിഞ്ഞ് പാടുകളുള്ള മണികണ്ഠൻ തുടങ്ങി കരളലിയിക്കുന്ന അനേകം കാഴ്ചകൾ നാം വിവിധ ചിത്രങ്ങളിലായി കണ്ടുകഴിഞ്ഞതല്ലോ.

ലോകത്തെ 75 രാജ്യങ്ങൾ നിരോധിച്ച കീടനാശിനിയാണ് കഴിഞ്ഞ നാൽപത് വർഷമായി നിർബാധം തളിച്ചുകൊണ്ടിരുന്നത്. ഇതുവരെയായി നാലായിരത്തിലധികം പേർ ഇവിടെ മരിച്ചു കഴിഞ്ഞു. ആ കാണുന്ന കുട്ടികളെപ്പോലെ ആയിരങ്ങൾ ഇന്നും മാംസപിണ്ഡങ്ങളായി ജീവിക്കുകയും ചെയ്യുന്നു. അവരുടെ വേദനകളും നിലവിളികളും അംബികാസുതൻ മാങ്ങാട് ‘എൻമകജെ’ എന്ന നോവലിൽ തീവ്രമായി പകർത്തിയിട്ടുണ്ട്.

ഭീമൻ കീടനാശിനി കമ്പനികളുടെ അത്യാർത്തിയും അധികൃതരുടെ പിടിപ്പുകേടുമാണ് ഈ ദുരന്തം ഈ വിധമാകാൻ കാരണം. നമ്മളെപ്പോലെ നന്നായി പഠിച്ച് സുഖമായി ജീവിക്കേണ്ട ഇവരുടെ വേദന നമ്മുടെയും നാടിന്റെയും വേദനയല്ലേ..?! ആ അച്ഛനമ്മമാരോടൊപ്പം നാമും നിൽക്കേണ്ടതല്ലേ.

◈

